ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.09.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഡിജിറ്റൽ യുഗത്തിൽ മുന്നേറുന്നതോടൊപ്പം പാരമ്പര്യത്തിലൂന്നിയുള്ള വികസനമാണ് രാജ്യത്ത് നടക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു

   **President Draupati Murmu said that the country is developing in a way that respects tradition while advancing in the digital age.**

2. ന്യൂഡൽഹിയിൽ നടന്ന സെമിക്കോൺ ഇന്ത്യ സിഇഒ - മാരുടെ വട്ടമേശ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്തു

   **Prime Minister Narendra Modi today attended the Semicon India CEOs' Roundtable in New Delhi.**

3. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ജർമ്മൻ വിദേശകാര്യ മന്ത്രി ജോഹാൻ ഡേവിഡ് വാഡെഫുളുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി

   **External Affairs Minister S. Jaishankar met German Foreign Minister Johann David Wadephul in New Delhi.**

4. ഓണത്തെ വരവേൽക്കാൻ ഒരുങ്ങി നാടും നഗരവും; ഉത്രാടം നാളെ. സംസ്ഥാനത്ത് ഓണം വാരാഘോഷത്തിന് തുടക്കം

   **The state is all set to welcome Onam; Tomorrow is Uttaradam . Onam week celebrations begin in the state.**

5. യമുനാ നദിയിലെ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ഡൽഹിയിൽ ജാഗ്രതാ നിർദേശം. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി

**Delhi on high alert after the water level in the Yamuna river rose. Waterlogging in low-lying areas.**

6. ഏഷ്യകപ്പ് ഹോക്കി സൂപ്പർ - 4 മത്സരങ്ങൾക്ക് തുടക്കമായി.

**Asia Cup Hockey Super - 4 matches have began.**

✡✡✡✡✡✡✡✡✡✡✡✡✡

## PRESIDENT (INTRO)

കഴിഞ്ഞ രണ്ട് ദശകങ്ങളിൽ, ഇന്റർനെറ്റിന്റെ മുന്നേറ്റം ലോകത്തെ മാറ്റിമറിച്ചതായും നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചതായും രാഷ്ട്രപതി ദ്രൗപതി മുർമു. തമിഴ്നാട്ടിലെ തിരുവാരൂരിൽ കേന്ദ്ര സർവകലാശാലയുടെ പത്താമത് ബിരുദദാന ചടങ്ങിൽ മുഖ്യ അതിഥിയായി പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. ഡിജിറ്റൽ യുഗത്തിൽ മുന്നേറുന്നതോടൊപ്പം പാരമ്പര്യത്തിലൂന്നിയുള്ള വികസനമാണ് രാജ്യത്ത് നടക്കുന്നതെന്നും ശ്രീമതി മുർമു വ്യക്തമാക്കി.

(ഹോൾഡ്)

✡✡✡✡✡✡✡✡✡✡✡✡✡

## PM

സെമിക്കോൺ ഇന്ത്യ സിഇഒ -മാരുടെ വട്ടമേശ സമ്മേളനത്തിൽ പ്രധാന മന്ത്രി നരേന്ദ്രമോദി പങ്കെടുത്തു. ഇന്ത്യയുടെ അർദ്ധചാലക ആവാസ വ്യവസ്ഥ സംബന്ധിച്ച ചർച്ചകളാണ് വട്ടമേശ സമ്മേളനത്തിൽ നടന്നത്. സെമി കണ്ടക്ടർ മേഖലയിലെ പ്രമുഖരുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. ന്യൂഡൽഹിയിലെ യശോഭൂമിയിൽ സമ്മേളനത്തോട നുബന്ധിച്ച് സജ്ജമാക്കിയ പ്രദർശനവും പ്രധാനമന്ത്രി വീക്ഷിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡

## GST COUNCIL MEETING

ജി.എസ്.ടി കൗൺസിലിന്റെ 56-ാമത് യോഗം കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻറെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. സംസ്ഥാനങ്ങളിൽ നിന്നുള്ള ധനമന്ത്രിമാർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. പുത്തൻ തലമുറ ജി.എസ് ടി പരിഷ്കരണം, നികുതി നിരക്ക് മാറ്റം തുടങ്ങിയവ യോഗം ചർച്ച ചെയ്യും. ദീപാവലിയോടെ, ജി എസ് ടി പരിഷ്കാരങ്ങൾ  നടപ്പാക്കാനാണ് കേന്ദ്രത്തിൻറെ നീക്കം. അവശ്യ സാധനങ്ങളുടെ നികുതി കുറയ്ക്കുക വഴി കച്ചവടക്കാർക്കും, ജനങ്ങൾക്കും ഒരുപോലെ ആശ്വാസം പകരുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡

## AISHANKAR - GERMAN FM (intro)

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ജർമ്മൻ വിദേശകാര്യ മന്ത്രി ജോഹാൻ ഡേവിഡ് വാഡെഫുളുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ബഹിരാകാശ സാങ്കേതികവിദ്യയിൽ സഹകരണം ശക്തിപ്പെടുത്താൻ ഇന്ത്യയും ജർമ്മനിയും ആഗ്രഹിക്കുന്നതായി ശ്രീ ജയശങ്കർ കൂടിക്കാഴ്ചയ്ക്ക് ശേഷം നടന്ന സംയുക്ത വാർത്താസമ്മേളത്തിൽ പറഞ്ഞു. യൂറോപ്യൻ യൂണിയനുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനെക്കുറിച്ചും ഉഭയകക്ഷിബന്ധം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും ചർച്ചകൾ നടത്തിയതായി അദ്ദേഹം വ്യക്തമാക്കി. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ജർമ്മനി നൽകിയ പിന്തുണയെ ഇന്ത്യ വളരെയധികം വിലമതിക്കുന്നുവെന്നും കേന്ദ്രമന്ത്രി കൂട്ടിച്ചേർത്തു

(ഹോൾഡ്)

✡✡✡✡✡✡✡✡✡✡✡✡✡

## PIB FACT CHECK

കേന്ദ്ര സർക്കാരിന് കീഴിൽ വിവിധ തസ്തികകളിലേക്ക് നിയമനം വാഗ്ദാനം ചെയ്യ് വികസിത് ഭാരത് റോസ്ഗാർ യോജനയുടെ പേരിൽ വ്യാജ വെബ്സൈറ്റ് സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നതായി പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു. ഈ വെബ്സൈറ്റിന് തൊഴിൽ മന്ത്രാലയവുമായി യാതൊരു ബന്ധവുമില്ലെന്നും ഇത്തരം ഓൺലൈൻ തട്ടിപ്പുകളിൽ നിന്ന് ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പ് നൽകി. സൈബർ കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ

www.cybercrime.gov.in എന്ന വെബ്സൈറ്റ് മുഖേന പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

✡✡✡✡✡✡✡✡✡✡✡✡✡

## CIVIL AVIATION-SAF

കാർബൺ ബഹിർഗമനം കുറയ്ക്കുക ഉൾപ്പെടെ ലക്ഷ്യമിട്ട് സുസ്ഥിര വ്യോമയാന ഇന്ധന സാധ്യതാ റിപ്പോർട്ട് പുറത്തിറക്കി കേന്ദ്ര വ്യോമയാന മന്ത്രാലയം. ഇന്റർനാഷണൽ സിവിൽ ഏവിയേഷൻ ഓർഗനൈസേഷനുമായും യൂറോപ്യൻ യൂണിയനുമായും സഹകരിച്ചാണ് റിപ്പോർട്ട് പുറത്തിറക്കിയത്. സുസ്ഥിര വ്യോമയാന ഇന്ധന ഉൽപാദനത്തിലും വിതരണത്തിലും ഇന്ത്യയെ ആഗോള നേതാവായി ഉയർത്തുന്നതിന് സാഫ് സാധ്യത റിപ്പോർട്ട് സഹായകരമാകുമെന്ന് കേന്ദ്രമന്ത്രി റാം മോഹൻ നായിഡു പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡

## SHAH - OPERATION BLACK

ഛത്തീസ്ഗഡിൽ ഓപ്പറേഷൻ ബ്ലാക്ക് ഫോറസ്റ്റ് വിജയകരമായി നടപ്പാക്കിയ സിആർപിഎഫ്, ഛത്തീസ്ഗഡ് പോലീസ്, ഡിആർജി, കോബ്ര ഉദ്യോഗസ്ഥരെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആദരിച്ചു. നക്സൽ വിരുദ്ധ പ്രവർത്തനങ്ങളുടെ ചരിത്രത്തിലെ സുവർണ്ണ അധ്യായമായി ഓപ്പറേഷൻ ബ്ലാക്ക് ഫോറസ്റ്റ് ഓർമ്മിക്കപ്പെടുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. നക്സൽ വിരുദ്ധ പ്രവർത്തനങ്ങളിൽ ഗുരുതരമായി പരിക്കേറ്റ സേനാംഗങ്ങൾക്കായി കേന്ദ്രസർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡

## CABINET

ജൂലായ് 1 മുതൽ ആഗസ്റ്റ് 31 വരെ നടത്തിയ ഫയൽ അദാലത്തിന്റെ തുടർച്ചയായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ഇന്ന് ചേർന്ന സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. ഫയൽ അദാലത്തിന്റെ മൊത്തത്തിലുള്ള കണക്കുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള അന്തിമ റിപ്പോർട്ട് ഫയൽ അദാലത്ത് പോർട്ടലിൽ പ്രസിദ്ധീകരിക്കും. സെക്രട്ടേറിയറ്റിലും, വകുപ്പ് കാര്യാലയങ്ങളിലും അടക്കം

കുടിശ്ശികയുള്ള ഫയലുകളുടെ 59 ശതമാനം അദാലത്തിൽ തീർപ്പാക്കി യിരുന്നു.

✡✡✡✡✡✡✡✡✡✡✡✡✡

## ANGANVADI CO LOCATION - (INTRO)

ചെറിയ പ്രായത്തിൽത്തന്നെ മാനസിക വികസനത്തിനും വിദ്യാഭാസ ത്തിനുമുള്ള സാഹചര്യം കുഞ്ഞുങ്ങൾക്ക് നൽകണമെന്ന് കേന്ദ്രമന്ത്രി അന്നപൂർണ ദേവി. പ്രൈമറിസ്കൂളുകളോട് ചേർന്ന് അംഗൻവാടികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ പ്രകാശനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. പുതിയ വിദ്യാഭാസ നയം 2020, ശൈശവകാലത്തെ വിദ്യാഭാസത്തിലും സമഗ്ര വളർച്ചയിലും പ്രത്യേക ശ്രദ്ധ നൽകുന്നുവെന്നും ശ്രിമതി അന്നപൂർണ ചൂണ്ടിക്കാട്ടി.

(വോയിസ്)

പരിപാടിയിൽ വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പങ്കെടുത്തു. സ്കൂളുകൾക്കുള്ളിലോ സമീപത്തോ അംഗൻവാടി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് പുറത്തിറക്കുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡

## UTHRADAPPACHIL

ഓണം പടിവാതിൽക്കൽ എത്തിനിൽക്കേ ആഘോഷത്തിമിർപ്പിൽ നാടും നഗരവും. നഗര-ഗ്രാമ ഭേദമന്യേ ഓണത്തിരക്കിൽ മുഴുകുകയാണ്. നാളെ ഉത്രാടമെത്തുന്നതോടെ ഓണക്കോടിക്കും സദ്യവട്ടങ്ങൾക്കുമായുള്ള അവസാനവട്ട പാച്ചിലിലാണ് മലയാളികൾ. മറ്റന്നാളാണ് സമൃദ്ധിയുടെ പൊന്നിൻ തിരുവോണം. ഇത്തവണ അത്തം പതിനൊന്നിനാണ് തിരുവോണം എന്ന പ്രത്യേകതയുമുണ്ട്. സംസ്ഥാന സർക്കാരിൻറെ ഓണം വാരാഘോഷത്തിന് ഇന്ന് തുടക്കമായി. ഈ മാസം 9 വരെ 33 വേദികളി ലായി വൈവിധ്യമായ പരിപാടികളുമായാണ് ഇത്തവണത്തെ ഓണം വാരാഘോഷം. 9 ന് നടക്കുന്ന ഓണം ഘോഷയാത്രയുടെ ഫ്ളാഗ് ഓഫ് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നിർവഹിക്കും.

✡✡✡✡✡✡✡✡✡✡✡✡✡

## YAMUNA - DANGER MARK

യമുനാ നദിയിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനെ തുടർന്ന് ഡൽഹിയിൽ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. വെള്ളപ്പൊക്കം ജനജീവിതത്തെ സാരമായി ബാധിച്ചു. ജനങ്ങൾക്ക് അധികൃതർ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

✪✪✪✪✪✪✪✪✪✪✪✪✪

## PUNJAB FLOODS

കനത്ത മഴയെ തുടർന്ന് പഞ്ചാബിൽ വെള്ളപ്പൊക്കം. അണക്കെട്ടുകളിൽ നിന്നും വെള്ളം തുറന്നുവിടുന്നതിനാൽ, ജനങ്ങൾ ജാഗ്രത പാലിക്കണമെന്നു മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വെള്ളപ്പൊക്കത്തിൽ 30 പേർ മരിച്ചു. 1,48,000 ഹെക്ടറിലധികം സ്ഥലത്തെ കൃഷി നശിച്ചു. വെള്ളപ്പൊക്കത്തെ തുടർന്ന് ഈ മാസം 7 വരെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പഞ്ചാബ് സർക്കാർ അവധി നൽകി. കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ, പഞ്ചാബ് ഗവർണറുമായും മുഖ്യമന്ത്രിയുമായും പ്രദേശത്തെ സ്ഥിതിഗതികൾ വിലയിരുത്തി. അദ്ദേഹം നാളെ പഞ്ചാബ് സന്ദർശിക്കും.

✪✪✪✪✪✪✪✪✪✪✪✪✪

## KERALA RAIN

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കലാവസ്ഥാ മുന്നറിയിപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞജാഗ്രത നൽകിയിട്ടുണ്ട്. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✪✪✪✪✪✪✪✪✪✪✪✪✪

## HOCKEY ASIA CUP

ഏഷ്യകപ്പ് ഹോക്കി സൂപ്പർ - 4 മത്സരങ്ങൾക്ക് തുടക്കം. ഗ്രൂപ്പ് മത്സരങ്ങൾ പൂർത്തിയായപ്പോൾ ഇന്ത്യ, ചൈന, മലേഷ്യ, ദക്ഷിണ കൊറിയ എന്നീ ടീമുകളാണ് സൂപ്പർ 4 ലേക്ക് യോഗ്യത നേടിയത്. ഇന്ന് നടന്ന ആദ്യ മത്സരത്തിൽ ചൈനയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് മലേഷ്യ പരാജയപ്പെടുത്തി. ഇന്ത്യ - കൊറിയ മത്സരം പുരോഗമിക്കുകയാണ്.

സൂപ്പർ 4 ൽ ആദ്യം എത്തുന്ന രണ്ട് ടീമുകളായിരിക്കും ഫൈനലിൽ മത്സരിക്കുക.

✡✡✡✡✡✡✡✡✡✡✡✡✡

## NHRC PALGHAR

മഹാരാഷ്ട്രയിലെ പാൽഘർ ജില്ലയിൽ കെട്ടിടം തകർന്ന് പതിനേഴു പേർ മരിച്ച സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന ചീഫ് സെക്രട്ടറിക്കും പോലീസ് മേധാവിക്കും നോട്ടീസ് അയച്ചു. മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുത്ത് രണ്ടാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവാരം കുറഞ്ഞ നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ചതുകൊണ്ടാണ് കെട്ടിടം തകർന്നതെന്നാണ് ആരോപണം.

✡✡✡✡✡✡✡✡✡✡✡✡✡

## JADHAV AYUSH

OPD സേവനങ്ങളിൽ അപ്പുറം പ്രതിരോധത്തിൽ അധിഷ്ഠിതമായ ആരോഗ്യ സംരക്ഷണത്തിലാണ് സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി പ്രതാപ്റാവു ജാദവ്. ദേശീയ ആയുഷ് മിഷന്റെ വകുപ്പുതല ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇതിനായി ഏകദേശം 12,500 ആയുഷ്മാൻ ആരോഗ്യ മന്ദിറുകൾ സ്ഥാപിച്ചതായും കേന്ദ്ര സഹമന്ത്രി പറഞ്ഞു. ഈ മാസം 23 ന് നടക്കാനിരിക്കുന്ന ആയുർവേദ ദിനാചരണത്തിൽ എല്ലാ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും സജീവമായി പങ്കെടുക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡

✡✡✡✡✡✡✡✡✡

✡✡✡✡✡✡